**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 'മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം' സംബന്ധിച്ച് രണ്ട് റിപ്പോർട്ടുകളാണ് പ്രൊഫ. എം.എ. ഖാദർ ചെയർമാനായ വിദഗ്ധ സമിതി സമർപ്പിച്ചിട്ടുള്ളത്. ഒന്നാം ഭാഗം റിപ്പോർട്ടിൽ പൊതുവേ ഘടനാപരമായ മാറ്റങ്ങൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങളാണ് ഉള്ളത്. 20.02.2019 ലെ സ.ഉ.(കൈ) നം.19/2019/പൊവിവ പ്രകാരം പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>'മികവിനായുള്ള വിദ്യാഭ്യാസം' ഒന്നാം ഭാഗത്തിൽ വിശദീകരിക്കാത്ത കാര്യങ്ങളാണ് രണ്ടാംഭാഗം റിപ്പോർട്ടിന്റെ ഉള്ളടക്കം. ഇതിൽ പ്രധാനമായത് അക്കാദമികവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ്. ഒന്നാം ഭാഗം റിപ്പോർട്ടിന്റെ തുടർച്ച എന്ന നിലയിലാണ് രണ്ടാം ഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 05-08-2024 ലെ സ.ഉ.(കൈ) നം.94/2024/പൊവിവ പ്രകാരം പ്രസ്തുത റിപ്പോർട്ടും തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല. മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച രണ്ട് റിപ്പോർട്ടുകളിലെയും നിർദ്ദേശങ്ങൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുമെന്ന വ്യവസ്ഥയോടെയാണ് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളത്. നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. |
| (സി) | ഈ റിപ്പോർട്ടിലെ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് അധ്യാപക | (സി) | നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമുള്ളവയിൽ ബന്ധപ്പെട്ട എല്ലാ അദ്ധ്യാപക- |

| | | | |
|---|---|---|---|
| | സംഘടനകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്തിട്ടുണ്ടോ; | | അനദ്ധ്യാപക സംഘടനകളുമായും ചർച്ച നടത്തുന്നതാണ്. |
| (ഡി) | ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഹൈസ്കൂൾ തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ഏകീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, സ്കൂൾ വിദ്യാഭ്യാസം എന്നിവ ഒരു ഡയറക്ടറുടെ അധീനതയിൽ ആക്കിയിട്ടുണ്ട്. ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ